(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഭാഗ്യനിധി, പൗർണ്ണമി, വിൻവിൻ എന്നീ ലോട്ടറികളുടെ സമ്മാനഘടനകൾ 2016 നവംബർ മാസത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരുത്തി പരിഷ്കരിച്ചിരുന്നു.

ഈ സർക്കാർ അധികാരത്തിലേറിയശേഷം ആരംഭിച്ച 100 രൂപ മുഖവിലയുള്ള നിർമ്മൽ ബൈവീക്കിലി ലോട്ടറിയുടെ, 3-2-2017-ന് നറുക്കെടുത്ത നിർമ്മൽ 9-ാമത് ഭാഗ്യക്കുറി മുതൽ മുഖവില 50 രൂപയാക്കി കുറച്ചുകൊണ്ട് സമ്മാനഘടന പരിഷ്കരിച്ചിരുന്നു. 21-4-2017-ലെ ഭാഗ്യനിധി 286-ാമത് നറുക്കെടുപ്പ് മുതൽ പ്രസ്തുത ഭാഗ്യക്കുറി റദ്ദ് ചെയ്തുകൊണ്ടും ഭാഗ്യനിധിക്ക് പകരമായി നിർമ്മൽ ദ്വൈവാര ഭാഗ്യക്കുറിയെ നിലവിലുള്ള മുഖവിലയോടും (50 രൂപ) സമ്മാന ഘടനയോടും കൂടി പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി 21-4-2017-ന് നിർമ്മൽ 14-ാമത് നറുക്കെടുപ്പ് മുതൽ വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് 25-3-2017-ലെ സ.ഉ. (സാധാ) 237/2017/നി.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) 50 രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി, നിർമ്മൽ എന്നീ ഭാഗ്യക്കുറികളുടെ മുഖവില 30 രൂപയാക്കി കുറച്ചുകൊണ്ടും സമ്മാന ശതമാനത്തിലും സമ്മാനങ്ങളുടെ എണ്ണത്തിലും വർദ്ധനവ് വരുത്തിയും ഭാഗ്യക്കുറി ഏജന്റുമാർക്ക് മൂന്ന് സ്ലാബുകളിലായി ഡിസ്കൗണ്ട് നൽകിക്കൊണ്ടും (2000 ടിക്കറ്റുകൾ വരെ 26 ശതമാനം, 2001 മുതൽ 10000 ടിക്കറ്റുകൾ വരെ 27 ശതമാനം, 10,000-ന് മുകളിൽ 28 ശതമാനം) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും (പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ) സമ്മാനഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. 10 പരമ്പരകളിലായി പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടനകൾ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്.

**ഓഡിറ്റ് വകുപ്പിൽ നിന്നും വിജിലൻസിന് നൽകിയ മനുഷ്യദിനങ്ങൾ**

85 (1849) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്ന് 2016-ൽ എത്ര മനുഷ്യദിനങ്ങൾ സംസ്ഥാന വിജിലൻസിന് നൽകിയിട്ടുണ്ട്;

(ബി) വിജിലൻസിന്റെ പ്രവർത്തനത്തിൽ സഹായിക്കാനായി വിജിലൻസിനോടനുബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പിൽനിന്ന് 2016 വർഷം 1200 മനുഷ്യദിനങ്ങൾ സംസ്ഥാന വിജിലൻസിന് നൽകിയിട്ടുണ്ട്.

(ബി) വിജിലൻസിന്റെ പ്രവർത്തനത്തിൽ സഹായിക്കാനായി വിജിലൻസിനോടനുബന്ധിച്ച് ഓഡിറ്റ് വകുപ്പിന്റെ ഓഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശ ഇതുവരെ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല.

## ഓഡിറ്റ് കമ്മീഷൻ

86 (1850) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ പ്രഖ്യാപിച്ച ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഓഡിറ്റ് കമ്മീഷന്റെ ഘടന എപ്രകാരമാണ്;

(സി) സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തുന്ന എല്ലാ ഓഡിറ്റ് പ്രവർത്തനവും ഓഡിറ്റ് കമ്മീഷനിൽ ഉൾപ്പെടുത്തുമോ;

(ഡി) ഓഡിറ്റ് കമ്മീഷൻ വരുമ്പോൾ സംസ്ഥാന ഓഡിറ്റ് വകുപ്പിനെ കമ്മീഷനിൽ ലയിപ്പിക്കുമോ?

## ഉത്തരം

(എ-ഡി) ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ ഓഡിറ്റ് കമ്മീഷന് രൂപം നൽകുമെന്ന് ബജറ്റ് പ്രസംഗം ഖണ്ഡിക 56 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സ്വീകരിക്കേണ്ട തുടർ നടപടികൾ പരിശോധിച്ചുവരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ വകുപ്പുകളിലും ഓഡിറ്റ്

87 (1851) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u>
<u>ശ്രീ. സി. കെ. നാണു:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ വകുപ്പുകളിലും രണ്ട് വർഷത്തിനുമുകളിൽ ഓഡിറ്റ് പൂർത്തീകരിക്കാത്തവയുടെ വിവരങ്ങൾ നല്കുമോ; ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്തെല്ലാമാണ്;